നം.ഇ.എക്സ്./എച്ച്(2)/61920/2014/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി : 26/09/2014

# വിജ്ഞാപനം

വിഷയം :- ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) - മൂന്നാം സെമസ്റ്റർ പരീക്ഷ നവംബർ 2014 – സംബന്ധിച്ച്

സൂചന:- ഗവ.ഉത്തരവ് നം (സാധാ) 3280/2013/പൊതുവിദ്യാഭ്യാസം, തീയിതി : 05/05/2013.

**2013-2014 അദ്ധ്യയനവർഷം സംസ്ഥാനത്തെ റ്റി.റ്റി.ഐകളിൽ പുതിയതായി ആരംഭിച്ച ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സിന്റെ മൂന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം 11-ാം തീയതി ആരംഭിച്ച് 19-ാം തീയതി അവസാനിക്കുന്നതാണ്.** 05/08/2013 തീയതിയിലെ 3280/2013/പൊതുവിദ്യാഭ്യാസം എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുതിയ സ്കീമിലാണ് പ്രസ്തുത പരീക്ഷ നടത്തപ്പെടുന്നത്.

## I. പുതിയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ.

1. 05/08/2013 ലെ ഉത്തരവ് നം.320/2013/പൊ.വി എന്ന സർക്കാർ ഉത്തരവ് പ്രകാരം 2013-2014 അദ്ധ്യായനവർഷം മുതൽ പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) കോഴ്സിനെ ആധാരമാക്കിയാണ് പരീക്ഷ നടത്തുന്നത്.
2. സെമസ്റ്റർ മൂന്നിൽ ഏഴ് പേപ്പറുകളാണ് ഉള്ളത്. (പേപ്പർ 13 മുതൽ 19 വരെ)
3. ഇവ രണ്ട് പാർട്ടുകളായാണ് മൂല്യനിർണ്ണയം നടത്തപ്പെടുന്നത്.
4. പേപ്പർ 13 മുതൽ 17 വരെ ഉള്ളതിന് തിയറി പരീക്ഷയും, നിരന്തരവിലയിരുത്തലും ഉണ്ടായിരിക്കും. തിയറി പേപ്പറിന് 60 സ്കോറും (പേപ്പർ 16 ന് 40 സ്കോർ) നിരന്തരവിലയിരുത്തലിന് 20 സ്കോറും ചേർത്ത് ആകെ 80 സ്കോറാണ് (പേപ്പർ 16 ന് 60 സ്കോർ) ഓരോ പേപ്പറിനും ഉള്ളത്.
5. പേപ്പർ 18,19 എന്നിവയ്ക്ക് നിരന്തരവിലയിരുത്തൽ മാത്രമേ ഉള്ളൂ. ഓരോന്നിനും 20 സ്കോർ വീതമാണുള്ളത്.
6. തിയറി പരീക്ഷയ്ക്ക് 280 സ്കോറും, നിരന്തരവിലയിരുത്തലിന് 140 സ്കോറും ചേർത്ത് ആകെ സ്കോർ 420 ആയിരിക്കും.

**II. പരീക്ഷയുടെ വിഷയങ്ങൾ, സമയം, സ്കോർ, ഗ്രേഡിംഗ് എന്നിവ താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും.**

**പാർട്ട് ഒന്ന് - എഴുത്തു പരീക്ഷ**

| **പേപ്പർ** | **വിഷയം** | **പരീക്ഷാസമയം** | **ആകെ സ്കോർ** |
|---|---|---|---|
| പേപ്പർ XIII (S3P13) | പഠിതാവും ജ്ഞാനാർജ്ജനവും | 2 മണിക്കൂർ | **60** |
| പേപ്പർ XIV (S3P14) | വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ. | 2 മണിക്കൂർ | **60** |
| പേപ്പർ XV (S3P15) | കലാ വിദ്യാഭ്യാസവും പ്രവൃത്തി വിദ്യാഭ്യാസവും | 2 മണിക്കൂർ | **60** |
| പേപ്പർ XVI (S3P16) | ശാരീരികവും വൈകാരികവുമായ ആരോഗ്യവും ആരോഗ്യകായിക വിദ്യാഭ്യാസവും | 1 ½ മണിക്കൂർ | **40** |
| പേപ്പർ XVII (S3P17) | ഭാഷാപഠനവും സാഹിത്യവും | 2 മണിക്കൂർ | **60** |

**പാർട്ട് രണ്ട് - നിരന്തര മൂല്യനിർണ്ണയം**

രണ്ടാം സെമസ്റ്ററിലെ ഏഴു പേപ്പറുകൾക്കും നിരന്തരമൂല്യനിർണ്ണയം ഉണ്ടായിരിക്കും.

| **പേപ്പർ** | **വിഷയം** | **ആകെ സ്കോർ** |
|---|---|---|
| **പേപ്പർ XIII (S3P13)** | പഠിതാവും ജ്ഞാനാർജ്ജനവും | **20** |
| **പേപ്പർ XIV (S3P14)** | വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ. | **20** |
| **പേപ്പർ XV (S3P15)** | കലാ വിദ്യാഭ്യാസവും പ്രവൃത്തി വിദ്യാഭ്യാസവും | **20** |
| **പേപ്പർ XVI (S3P16)** | ശാരീരികവും വൈകാരികവുമായ ആരോഗ്യവും ആരോഗ്യകായിക വിദ്യാഭ്യാസവും | **20** |
| **പേപ്പർ XVII (S3P17)** | ഭാഷാപഠനവും സാഹിത്യവും | **20** |
| **പേപ്പർ XVIII (S3P18)** | Pedagogy of English Language | **20** |
| **പേപ്പർ XIX (S3P19) a) b) c)** | a) ഗണിതശാസ്ത്രപഠനവും സമീപനവും<br>b) സാമൂഹ്യശാസ്ത്രം - ഉള്ളടക്കവും വിനിമയവും<br>c) സാമാന്യ ശാസ്ത്ര വിദ്യാഭ്യാസം | **20** |

**ഗ്രേഡിംഗ് സ്കെയിൽ**

| ഗ്രേഡ് | സ്കോർ പരിധി |
|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| D+ | 40 ശതമാനത്തിന് താഴെ |

*വിജയിക്കുന്നതിന് എല്ലാപേപ്പറുകളുടെയും എഴുത്തുപരീക്ഷയ്ക്കും തുടർമൂല്യനിർണ്ണയത്തിനും (CE&TE) കുറഞ്ഞത്* ***C+ ഗ്രേഡ് (50 ശതമാനം)*** *എങ്കിലും നേടിയിരിക്കേണ്ടതാണ്.*

## III. പരീക്ഷയ്ക്ക് ചേരുവാനുള്ള യോഗ്യതകൾ :-

സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് റ്റി.റ്റി.ഐകളിൽ 2013-14 അദ്ധ്യയന വർഷം ഒന്നാംസെമസ്റ്റർ റഗുലർ കാൻഡിഡേറ്റ് ആയി ചേരുകയും മൂന്നാം സെമസ്റ്ററിൽ നിശ്ചിതശതമാനം ഹാജർ നേടുകയും ചെയ്തിട്ടുള്ളവർക്ക് മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

## IV. പരീക്ഷയുടെ സമയ വിവരപ്പട്ടിക.

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 11/11/2014 | ചൊവ്വാ | 2 pm to 4.15 pm | **S3P13 -** പഠിതാവും ജ്ഞാനാർജ്ജനവും |
| 13/11/2014 | വ്യാഴം | 2 pm to 4.15 pm | **S3P14 -** വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ. |
| 17/11/2014 | തിങ്കളാഴ്ച | 2 pm to 4.15 pm | **S3P15 -** കലാ വിദ്യാഭ്യാസവും പ്രവൃത്തി വിദ്യാഭ്യാസവും |
| 18/11/2014 | ചൊവ്വാ | 2 pm to 3.45 pm | **S3P16 -** ശാരീരികവും വൈകാരികവുമായ ആരോഗ്യവും ആരോഗ്യകായിക വിദ്യാഭ്യാസവും |
| 19/11/2014 | ബുധനാഴ്ച | 2 pm to 4.15 pm | **S3P17 -** ഭാഷാപഠനവും സാഹിത്യവും (മലയാളം/തമിഴ്/കന്നട/സ്പെഷ്യൽ ഇംഗ്ലീഷ്) |

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാസെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റി വയ്ക്കാൻ പാടില്ല.
3. പരീക്ഷാ സമയവിവരപ്പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽകൂടി മുകളിൽ പരാമർശിച്ച സമയ വിവരപ്പട്ടിക കർശനമായി പാലിക്കേണ്ടതാണ്.
4. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിട്ട് ആശ്വാസ സമയമായിരിക്കും. (Cooloff time) ഈ സമയത്ത് യാതൊരു കാരണവശാലും കുട്ടികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതാൻ പാടില്ല. ഇങ്ങനെ ചെയ്താൽ പരീക്ഷാക്രമക്കേടായി പരിഗണിക്കുന്നതാണ്.

## V. പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം :-

പരീക്ഷാർത്ഥികൾ ഈ വിജ്ഞാപനത്തിലെ "അനുബന്ധം എ" ആയി കൊടുത്തിട്ടുള്ള മാതൃകയിൽ അപേക്ഷ **2014 ഒക്ടോബർ 10** - ന് മുമ്പ് ബന്ധപ്പെട്ട റ്റി.റ്റി.ഐ പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതും നിശ്ചിത യോഗ്യതയുള്ള പരീക്ഷാർത്ഥികളുടെ ലിസ്റ്റ് 17/10/2014 ന് ബന്ധപ്പെട്ട റ്റി.റ്റി.ഐ പ്രിൻസിപ്പൽ പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതുമാണ്.

- വിദ്യാർത്ഥികൾ ഏത് റ്റി.റ്റി.ഐ യിലാണോ മൂന്നാം സെമസ്റ്റർ പഠനം പൂർത്തിയാക്കിയത് പ്രസ്തുത റ്റി.റ്റി.ഐ പ്രിൻസിപ്പാലായിരിക്കണം ലിസ്റ്റ് സമർപ്പിക്കേണ്ടത്.
- പരീക്ഷാകേന്ദ്രത്തിൽ അപേക്ഷയോ, ഫീസോ, ശേഖരിക്കേണ്ടതില്ല.

## VI . പരീക്ഷാകേന്ദ്രങ്ങൾ:-

പരീക്ഷാകേന്ദ്രങ്ങളുടെ ലിസ്റ്റ് ഉടൻ തന്നെ എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും റ്റി.റ്റി.ഐ കൾക്കും E-mail ചെയ്യുന്നതാണ്. ഈ സ്കൂളുകളുടെ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാരായി രിക്കും പരീക്ഷാകേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ട്.

## VII . ഫീസ് നിരക്കുകൾ:-

### a) പരീക്ഷാഫീസ്:-

മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് 100 രൂപയാണ് പരീക്ഷാഫീസ്. പട്ടികജാതി പട്ടികവർഗ്ഗ, ഒ.ഇ.സി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പരീക്ഷാർത്ഥികൾ ആദ്യരണ്ടു ചാൻസുകൾക്ക് ഫീസടക്കേ ണ്ടതില്ല. ശേഖരിക്കുന്ന ഫീസ് നിശ്ചിത ദിവസങ്ങളിൽ '0202-01-102-99 Examination Fees' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

### b) സർട്ടിഫിക്കറ്റിനുള്ള ഫീസ്:-

എല്ലാ വിഭാഗം വിദ്യാർത്ഥികളും സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കേണ്ടതാണ്. പ്രിൻസിപ്പൽമാർ ഫീസ് നിശ്ചിത തീയതിയിൽ തന്നെ **0202-01-102-92 Other receipt** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഇതിന്റെ നിരക്കും പിന്നാലെ അറിയി ക്കുന്നതാണ്.

## VIII. കാൻഡിഡേറ്റ് ലിസ്റ്റ്:-

ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ ടി.ടി.ഐ മാറി പഠിക്കുകയാണെങ്കിൽ ആ വിവരം പരീക്ഷാഭവനിൽ അറിയിക്കേണ്ടതാണ്. ടി.ടി.ഐ പ്രിൻസിപ്പൽമാർ പരീക്ഷാഭവനിൽ നിന്നും E-mail ചെയ്തുതരുന്ന Candidate list പ്രിന്റ് എടുത്ത് മാറ്റം എന്തെങ്കിലും ഉണ്ടെങ്കിൽ ചുവന്ന മഷിയിൽ അക്കാര്യം രേഖപ്പെടുത്തി പ്രിൻസിപ്പാളിന്റെ കത്ത് സഹിതം **17/10/2014 ന് മുമ്പ്** ***സൂപ്രണ്ട് എച്ച്.സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 12*** എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ Candidate list ടി.ടി.ഐ പ്രിൻസിപ്പൽ/ എച്ച്.എം മാർ സക്ഷ്യപ്പെടുത്തി 30/10/2014 നകം പരീക്ഷാ സെന്ററിൽ സമർപ്പിക്കേണ്ടതാണ്.

എല്ലാ ടി.ടി.ഐകളിലും തുടർമൂല്യ നിർണ്ണയ സ്കോർ 23/11/2014 ന് മുമ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

റീജിയണൽ പ്രാക്ടിക്കൽ ബോർഡിന്റെ സന്ദർശനം 2014 ഒക്ടോബർ 23-ാം തീയതി മുതൽ ആരംഭിക്കുന്നതാണ്.

## IX. CWSN പരീക്ഷാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ഈ ആനുകൂല്യം ലഭിക്കേണ്ട പരീക്ഷാർത്ഥികൾ അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലെ ഐ.ഇ.ഡി വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്ത് യഥാസമയം ഉത്തരവ് വാങ്ങേണ്ടതാണ്.

## X.പരീക്ഷാർത്ഥിത്വം റദ്ദാക്കൽ:-

ആരുടെയെങ്കിലും പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അനുബന്ധം `C' ആയി നൽകിയിരിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ 17/10/2014 ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്. അയയ്ക്കുന്ന കവറിനു മുകളിൽ **"DEd.പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷ"** എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.

## XI. അഡ്മിഷൻ ടിക്കറ്റ് :-

പരീക്ഷ തുടങ്ങുന്നതിന് 3 ദിവസം മുമ്പ് പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നു download ചെയ്യാവുന്നതാണ്. (www.keralapareekshabhavan.in ).

## XII. പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ട്:-

ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും ആവശ്യമായ തുക താല്ക്കാലികമായി പിൻവലിച്ചാണ് ഡി.എഡ് പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീകൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും 10-04-2012 ലെ ജി.ഒ (എം.എസ്) നം.112/12 പൊ.വി.വ പ്രകാരം ജില്ലാവിദ്യാഭ്യാസ ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## XIII. പരീക്ഷാക്രമക്കേടുകൾ:-

പരീക്ഷാർത്ഥികൾ എഴുതിയതോ പ്രിന്റു ചെയ്തതോ ആയ പേപ്പറുകളുമായി പരീക്ഷാഹാളിൽ പ്രവേശിക്കുവാൻ പാടില്ല. മറ്റു വിദ്യാർത്ഥികളുടെ പേപ്പർ നോക്കി എഴുതുന്നതും, മറ്റു വിദ്യാർത്ഥികൾക്ക് കണ്ടെഴുതുവാൻ അവസരം നൽകുന്നതും, ഹാളിൽ മറ്റു വിദ്യാർത്ഥികളോട് സംസാരിക്കുന്നതും പരീക്ഷാക്രമക്കേടായി പരിഗണിക്കുന്നതാണ്. പരീക്ഷാപേപ്പറിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രമേ രജിസ്റ്റർ നമ്പർ എഴുതാവൂ. രജിസ്റ്റർ നമ്പർ ഒഴികെ വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിനായി പേരോ മറ്റെന്തെങ്കിലും വിവരമോ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുവാൻ പാടില്ല. പരീക്ഷാഹാളിൽ സെൽഫോൺ അനുവദിക്കുന്നതല്ല.

## XIV. മാർക്ക്ലിസ്റ്റ് വിതരണം:-

പരീക്ഷാഫലം പ്രഖ്യാപിച്ചതിനുശേഷം മാർക്ക്ലിസ്റ്റുകൾ വിതരണത്തിനായി ടി.ടി.ഐ കളിൽ എത്തിക്കുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയശേഷം മാർക്ക്ലിസ്റ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാസെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ, ആയ മാർക്ക്ലിസ്റ്റുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇങ്ങനെയുള്ളവ പരീക്ഷാഭവനിൽ തിരികെ എത്തിച്ച് തെറ്റു തിരുത്തി വാങ്ങേണ്ടതാണ്.

## XV. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയും പുനർമൂല്യനിർണ്ണയവും

മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ സൂഷ്മ പരിശോധന, പുനർമൂല്യനിർണ്ണയം എന്നിവയ്ക്കുള്ള അപേക്ഷ (അനുബന്ധം D) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി അഞ്ചുദിവസത്തിനകം അതത് ടി.ടി.ഐ പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം തന്നെ നൽകേണ്ടതാണ്. പരീക്ഷാഫീസിന് നൽകുന്ന രസീത് ബുക്കിൽ നിന്ന് ഇതിന് രസീത് നൽകേണ്ടതുമാണ്.

<u>അപേക്ഷകളും ഫീസും പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.</u> ഓരോന്നിനുമുള്ള നിബന്ധനകൾ ചുവടെകൊടുത്തിരിക്കുന്നു.

**<u>എ. സൂഷ്മപരിശോധന (Scrutiny)</u>**

1. പരീക്ഷാർത്ഥികൾ നിശ്ചിത ഫോറത്തിൽ സൂഷ്മപരിശോധനയ്ക്കായി അപേക്ഷിക്കാവുന്നതാണ്.
2. പേപ്പർ ഒന്നിന് 25 രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

**ബി. <u>പുനർമൂല്യനിർണ്ണയം</u>**

1. ഉത്തരക്കടലാസുകൾ പുനർമുല്യനിർണ്ണയം നടത്തുന്നതിനുള്ള അപേക്ഷയോടൊപ്പം പേപ്പർ ഒന്നിന് 400 രൂപ പണമായി നൽകേണ്ടതാണ്.
2. ഇപ്രകാരം അപേക്ഷകൾ നൽകുന്നവർ അതേ പേപ്പറിന് സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

- ❖ സൂഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കുന്നതിനുള്ള തീയതി അവസാനിച്ചതിന്റെ അടുത്ത ദിവസം തന്നെ ടി.ടി.ഐ പ്രിൻസിപ്പൽമാർ ലഭിച്ച അപേക്ഷകളുടെയും തുകയുടെയും വിവങ്ങൾ അടങ്ങിയ ഒരു പ്രത്യേക സ്റ്റേറ്റ്മെന്റ് പരീക്ഷാഭവനിലേക്ക് email അയക്കേണ്ടതാണ്. (email ID : cgeasection@gmail.com) പുനർമൂല്യനിർണ്ണയത്തിന്റെ ഫലം പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
- ❖ പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുക്കിയ ഗ്രേഡ് ചേർത്ത മാർക്ക്ലിസ്റ്റ് ടി.ടി.ഐ പ്രിൻസിപ്പൽ വഴി വിതരണം ചെയ്യുന്നതാണ്. 23/07/2011 ലെ പൊ.വി.വ(ജി)വകുപ്പിന്റെ ജി.ഒ (എം.എസ്)163/2011 ഉത്തരവ് പ്രകാരം ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് പുനർമൂല്യനിർണ്ണയത്തിനായി നൽകിയ ഫീസ് തിരികെ നൽകുന്നതാണ്.

## സി. മൂല്യനിർണ്ണയഫീസ് ഒടുക്കുന്നത് സംബന്ധിച്ച്

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന എന്നിവയുടെ ഫീസായി സ്വീകരിക്കുന്ന തുകയിൽ നിന്നും പുനർമൂല്യനിർണ്ണയത്തിന് ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തിരികെ നൽകിയതിന് ശേഷമുള്ള തുക "02-02-01-102-92അദർറെസിപ്റ്റ്"എന്ന ശീർഷകത്തിൽ ചെലാൻ ഒടുക്കേണ്ടതാണ്.

**പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.**

ഒപ്പ്
**ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
പരീക്ഷാകമ്മീഷണർ

/അംഗീകാരത്തോടെ/

ഒപ്പ്
**എം.ഐ. സുകുമാരൻ**
സെക്രട്ടറി

# APPENDIX – A

## D.Ed. THIRD SEMESTER EXAMINATION, NOVEMBER – 2014

### APPLICATION FOR REGISTRATION

| | | |
|---|---|---|
| 1 | Admission No. | |
| 2 | Name (In block letter as in SSLC) | |
| 3 | Sex | |
| 4 | Religion & Caste | |
| 5 | Date of Birth | |
| 6 | Address | |
| 7 | Medium of Instruction | |
| 8 | Regional Language Opted | |
| 9 | Details of Fee remitted | |

Certified that that the above mentioned facts are true.

Place: Signature:

Date: Name :

# Annexure – B

## D.Ed. THIRD SEMESTER EXAMINATION, NOVEMBER – 2014

## IDENTIFICATION CERTIFICATE

Photo

Identifying Officer should sign across photograph

**1. Name of the Candidate :**

**2. Address :**

**3. Signature of the Candidate :**
**(To be signed in the presence of the identifying officer)**

**4. Signature of the TTI Principal:**

**5. Name, designation and office :**
**of the attesting officer**

**I, …………………………...………………. hereby attest the signature and photograph of Sri/Smt …………………………………………….............................................................. ………………………………………………………..…………………………………………… who is a candidate of the D.Ed Third Semester Examination, November – 2014.**

**Place:**

**Date:** **Office Seal** **Signature of the attesting officer**

# Annexure – C

## D.Ed. THIRD SEMESTER EXAMINATION, NOVEMBER – 2014

### Application for Cancellation of Candidature

1. Centre No. :
2. Educational District :
3. Name of Candidate :
4. Register No. :
5. Name of TTI :
6. Reason for cancellation :
7. Documents submitted as proof :
8. Whether removed from the roll :
9. If yes, reason for the same and date of removal :
10. Whether participated in the Practical examination :
11. Other details if any :
12. Signature of the Guardian :

The above mentioned statements are true. Hence, the request to cancel the candidature is recommended.

Place:

Date:

**School Seal** **Signature of the Principal**

**Note: - Application should reach the office of the Secretary to the Commissioner for Government Examinations on or before 17/10/2014.**

# Annexure – D

## DIPLOMA IN EDUCATION (D.Ed.) EXAMINATION – NOVEMBER 2014
## THIRD SEMESTER

## APPLICATION FOR REVALUATION OF ANSWER SCRIPT

1. **Register Number :**
2. **Name of Candidate :**
3. **Name of T.T.I in which studied :**
4. **Name of Educational District :**
5. **Details of papers for which Revaluation is applied : (Details may be furnished below)**

| Sl.No. | Name of Paper<br>(Medium of Subject should be Specified) | Grade obtained for the Third Semester Exam. |
|---|---|---|
| | | |
| | | |
| | | |

6. **Details of fee remitted at Rs.400/- per paper (Rs. Four hundred only) to the Concerned T.T.I.**

| Receipt Number | Date | Amount |
|---|---|---|
| | | |

**Place:**

**Date:** **Signature of the Candidate**

**<u>Note: -</u> The application should be submitted through the T.T.I Principal concerned and the prescribed fee should be collected by the Principal from the candidate at the time of submission of application for revaluation.**